LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റൂസ പദ്ധതി നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഒരു സമ്മതപത്രം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) 1. 18-നും 23-നും ഇടയ്ക്ക് പ്രായമുള്ള ഇന്ത്യൻ ജനതയുടെ ഉന്നത വിദ്യാഭ്യാസ പ്രവേശനം നിലവിലുള്ള 19.4%-ൽ നിന്നും 13-ാം പദ്ധതി കാലത്തിനകം 34% ആയി ഉയർത്തുക.

2. Access, Equity, Excellance എന്നിവ മുൻനിർത്തി നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും നിലവാരം ഉയർത്തുക, വിദ്യാഭ്യാസ പരീക്ഷാ പരിഷ്കാരം നടപ്പിലാക്കുക, നിലവിലുള്ള തെരെഞ്ഞെടുത്ത കോളേജുകളെ സർവ്വകലാശാലകളായി ഉയർത്തുക, പിന്നോക്ക വിഭാഗങ്ങൾ/വനിതകൾ/ ഭിന്നശേഷിയുള്ളവർ എന്നിവർക്ക് ഉന്നത വിദ്യാഭ്യാസരംഗത്ത് തുല്യത ഉറപ്പാക്കുക, ഗവേഷണങ്ങൾക്കും നൂതന ആശയങ്ങൾക്കും പ്രാമുഖ്യം നൽകുക.

(സി) 65% കേന്ദ്ര വിഹിതവും 35% സംസ്ഥാന സർക്കാർ വിഹിതവും

(ഡി) ഹയർ എഡ്യൂക്കേഷൻ പ്ലാൻ തയ്യാറാക്കുന്നതിന് വേണ്ടി ഒരു ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു പ്രോജക്ട് ഡയറക്ടറേയും അദ്ദേഹത്തിനെ സഹായിക്കാനായി ഒരു സെല്ലും രൂപീകരിച്ചിട്ടുണ്ട്. 12-ാം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 1133.56 കോടി രൂപയുടെ പ്രപ്പോസലുകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൻമേൽ റൂസ മിഷൻ ചില വിശദീകരണങ്ങൾ ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പതുക്കി സമർപ്പിച്ചിട്ടുണ്ട്. റൂസ പദ്ധതിയ്ക്ക് വേണ്ടി കേന്ദ്രവിഹിതം ഉൾപ്പെടെ 4 കോടി രൂപ 2014-15-ൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ റൂസ ഫണ്ട് നിക്ഷേപിക്കുന്നതിനായി കാനറാ ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്.

റൂസ് ഫണ്ട് വിനിയോഗത്തിനായി സമർപ്പിച്ച പദ്ധതി

6 (1059) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളുടെയും കോളേജുകളുടെയും വികസനത്തിനായുള്ള കേന്ദ്ര മിഷനായ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാന് (റൂസ) കേരളം സമർപ്പിച്ച പദ്ധതി നിർദ്ദേശം കേന്ദ്രം മടക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഈ പദ്ധതി നിർദ്ദേശം മടക്കാനുണ്ടായ കാരണം വിശദമാക്കുമോ ;

(സി) കേന്ദ്രത്തിനു സമർപ്പിച്ച ഈ പദ്ധതി രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) റൂസ ഫണ്ട് വിനിയോഗത്തിനായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഈ സമിതി നാളിതുവരെ എത്ര യോഗങ്ങൾ കൂടി എന്നു വ്യക്തമാക്കാമോ ;

(എഫ്) റൂസ ഫണ്ട് സ്വാശ്രയ വിദ്യാഭ്യാസത്തിന് വിനിയോഗിക്കാൻ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) റൂസയ്ക്കുവേണ്ടി കേരളം സമർപ്പിച്ച പദ്ധതി കേന്ദ്രം മടക്കിയിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ടുക മാത്രമാണ് ചെയ്തത്.

(സി) പദ്ധതിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഡി) റൂസ ഫണ്ട് വിനിയോഗത്തിനായി രണ്ട് വിദഗ്ധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

1. ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിനെ സഹായിക്കാനുള്ള വിദഗ്ധ സമിതി.
2. സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റ്.

ആദ്യ സമിതിയിൽ സയൻസ്, കോമേഴ്സ് ആന്റ് മാനേജ്മെന്റ്, ആർട്സ് ആന്റ് സോഷ്യൽ സയൻസ്, എഞ്ചിനീയറിംഗ്, ലൈബ്രറി സയൻസ് എന്നീ മേഖലകളിൽ നിന്നുള്ളവരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റിൽ സ്റ്റേറ്റ് റൂസ കോ-ഓർഡിനേറ്റർക്ക് പുറമേ സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ് (മൂന്ന്), സിസ്റ്റം അനലിസ്റ്റ് (ഒന്ന്), ഡാറ്റാ എൻട്രി ഓപ്പറേറ്റർ (രണ്ട്), റിസർച്ച് ഓഫീസർ (മൂന്ന്) എന്നിവരാണുള്ളത്.

(ഇ) ആറ് ഉന്നത യോഗങ്ങളും പതിനാല് സബ് കമ്മിറ്റി യോഗങ്ങളും ചേരുകയുണ്ടായി.

(എഫ്) ഇല്ല. റൂസ മാർഗ്ഗനിർദ്ദേശപ്രകാരം റൂസ ഫണ്ട് സ്വാശ്രയ വിദ്യാഭ്യാസത്തിന് ഉപയോഗിക്കാൻ പാടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly